LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മാണത്തിന് നബാർഡിന്റെ RIDF-XX പദ്ധതിയിലുൾപ്പെടുത്തി 1690 ലക്ഷം രൂപയുടെ ഭരണാനുമതി 2014-15 -ൽ നൽകിയിട്ടുണ്ട്. ഇതിൽ 1352 ലക്ഷം രൂപ നബാർഡ് വായ്പയാണ്.

(സി&ഡി) ഇല്ല. സാങ്കേതികാനുമതിക്കുള്ള അപേക്ഷ ചീഫ് എഞ്ചിനീയറിൽ നിന്നും 14-7-2015-ലാണ് സർക്കാരിൽ ലഭിച്ചത്. 15-7-2015-ൽ നടന്ന സെക്രട്ടറി തലത്തിലുള്ള ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി ഇത് പരിഗണിക്കുകയും അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സാങ്കേതികാനുമതിക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 11-2-2015-ൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച എസ്റ്റിമേറ്റിൽ അപാകതകൾ കണ്ടെത്തിയതിനാൽ തിരികെ നൽകേണ്ടി വന്നു. തിരുത്തിയ എസ്റ്റിമേറ്റ് 9-4-2015-ലാണ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 15 കോടി രൂപയ്ക്ക് മുകളിലായതിനാൽ ഈ എസ്റ്റിമേറ്റിന് പൊതുമരാമത്ത് വകുപ്പ് എൻവയോൺമെന്റ് സെല്ലിന്റെ പരിശോധനയും ആവശ്യമായിവന്നു. ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കി 14-7-2015-ലാണ് ചീഫ് എഞ്ചിനീയറിൽ നിന്നും സൂപാർശ സർക്കാരിൽ ലഭിച്ചത്.

(എഫ്) ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി അനുമതി നൽകാൻ തീരുമാനിച്ചതിനാൽ ഇതുസംബന്ധിച്ച് ഉത്തരവ് ഉടൻ നൽകുന്നതും തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതുമാണ്.

മട്ടന്നൂർ വട്ടോളിപ്പാലം നിർമ്മാണം

267 (4018) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വട്ടോളിപ്പാലം നിർമ്മാണത്തിനുള്ള ഡിസൈൻ അംഗീകരിക്കുകയുണ്ടായോ ;

(ബി) വട്ടോളിപ്പാലം നിർമ്മാണത്തിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ;

(സി) 2015-16-ലെ നബാർഡ് സാമ്പത്തിക സഹായത്തിനുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ പട്ടികയിൽ പ്രസ്തുത പ്രോജക്ട് കൂടി ഉൾപ്പെടുത്തി നബാർഡിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

998/18

ഉത്തരം

(എ-സി) വട്ടോളിപ്പാലം നിർമ്മാണത്തിന് പ്രൊപ്പോസൽ ഡ്രോയിംഗ് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. ഇപ്പോൾ അതിനെ ആസ്പദമാക്കി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിവരുന്നുണ്ട്. ഡി.പി.ആർ. തയ്യാറായികഴിഞ്ഞശേഷം നബാർഡിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

റോഡപകടങ്ങൾ

268 (4019) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് കാരണം റോഡ് നിർമ്മാണത്തിലെ പിഴവാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് കോടതി നിയോഗിച്ച കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ ; എങ്കിൽ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിരുന്നോ ;

(സി) റവന്യൂ, വനം വകുപ്പുകളുടെ സഹകരണത്തോടെ സുരക്ഷിതമായ റോഡ് നിർമ്മാണം എന്ന ആശയം സാധ്യമാക്കിയിട്ടുണ്ടോ ;

(ഡി) പാതയോരങ്ങളിലെ അപകടകരമായ സ്ഥിതിയിലുള്ള വൃക്ഷങ്ങൾ നീക്കം ചെയ്യാത്തതിനാൽ ഉണ്ടായിട്ടുള്ള അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 ശതമാനത്തിന് താഴെ അപകടങ്ങൾ റോഡ് നിർമ്മാണത്തിലെ പിഴവുകൊണ്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) സാധ്യമാക്കിയിട്ടില്ല.

(ഡി) ഉണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly